പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2194 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് സേനയ്ക്ക് ബാധകമായ ട്രാൻസ്ഫർ ചട്ടങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പോലീസ് ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫറിന് ബാധകമായ പോലീസ് ആക്ടിലെയും പോലീസ് സ്റ്റാന്റിംഗ് ഓർഡേർസ്(പി.എസ്.ഒ)- ലെയും വകുപ്പുകൾ ഏതൊക്കെയാണ്; മൂന്ന വർഷത്തിൽ താഴെ ഒരു സ്റ്റേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ സംബന്ധിച്ച് മാർഗ നിർദ്ദേശങ്ങൾ അടങ്ങിയ ഡിപ്പാർട്ട്മെന്റ് സർക്കുലറുകൾ ഏതൊക്കെയാണ്; ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: കേരള പൊലീസ് ആക്ട്, 2011-ൽ 'പൊതു സ്ഥലംമാറ്റങ്ങൾ' സംബന്ധിച്ച് മാത്രം പ്രതിപാദിക്കുന്ന പ്രത്യേക വകുപ്പുകളോ സ്വതന്ത്രമായ ചട്ടങ്ങളോ അടങ്ങിയിട്ടില്ല. പകരം, പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സർക്കാരിന്റെ വിപുലമായ നിയമനിർമ്മാണ അധികാരം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള എക്സിക്യൂട്ടീവ് മാനദണ്ഡങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, വകുപ്പിന്റെ ഭരണപരമായ അധികാരം , ഭരണപരമായ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയന്ത്രിക്കപ്പെടുന്നത്. കേരള പോലീസ് ആക്ടിൽ സ്ഥലംമാറ്റവുമായി ബന്ധമുള്ള പ്രധാന വകുപ്പുകൾ താഴെ പറയുന്നവയാണ്.

സെക്ഷൻ.89 -(സംസ്ഥാനത്ത് എവിടെയും സേവനം ചെയ്യാനുള്ള ബാധ്യത): ഓരോ പൊലീസ് ഉദ്യോഗസ്ഥനും എപ്പോഴും സംസ്ഥാനത്ത് എവിടെയും സേവനത്തിനായി നിയോഗിക്കപ്പെടാൻ ബാധ്യസ്ഥനാണെന്ന് ഇത് വ്യവസ്ഥ ചെയ്യുന്നു.

സെക്ഷൻ. 97 -(പൊലീസ് ഉദ്യോഗസ്ഥരുടെ കുറഞ്ഞ സേവന കാലാവധി): നിർദ്ദിഷ്ട ഉന്നത തസ്തികകളിൽ (സംസ്ഥാന പോലീസ് മേധാവി, റേഞ്ച് ഐ.ജി.മാർ, ജില്ലാ പൊലീസ് മേധാവികൾ / കമ്മീഷണർമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ) സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് കുറഞ്ഞത് 2 വർഷത്തെ സേവന കാലാവധി നിർബന്ധമാക്കുകയും, പ്രസ്തുത കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് സ്ഥലം മാറ്റുന്നതിനുള്ള കർശനമായ സാഹചര്യങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. പ്രസ്തുത സെക്ഷൻ സി.പി.ഒ, എസ്.സി.പി.ഒ, എ.എസ്.ഐ എന്നീ തസ്തികകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ബാധകമല്ല.

പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം/ മാതൃവകുപ്പിലേക്കുള്ള തിരിച്ചയക്കൽ സംബന്ധിച്ച ഏത് തീരുമാനവും, ആ സമയത്തെ ഓരോ കേഡറിലെയും ഉദ്യോഗസ്ഥരുടെ ലഭ്യത, ക്രമസമാധാനം, സുരക്ഷാ വെല്ലുവിളികൾ തുടങ്ങിയവയെ ആശ്രയിച്ച്, പൊതുതാൽപ്പര്യപ്രകാരം അധികാരപ്പെട്ട അധികാരിയാണ് തീരുമാനിക്കുന്നത്. അത്തരം തീരുമാനങ്ങൾ പൊതുതാൽപ്പര്യവും സംസ്ഥാനത്തിന്റെ സുരക്ഷയും മുൻനിർത്തിയാണ് എടുക്കുന്നത്.

(ബി) മൂന്നു വർഷത്തിൽ താഴെ ഒരേ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വന്ന ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട പ്രസ്തുത സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

മറുപടി: കേരള പൊലീസ് ആക്ട്, 2011-ൽ 'പൊതു സ്ഥലംമാറ്റങ്ങൾ' സംബന്ധിച്ച് മാത്രം പ്രതിപാദിക്കുന്ന പ്രത്യേക വകുപ്പുകളോ സ്വതന്ത്രമായ ചട്ടങ്ങളോ അടങ്ങിയിട്ടില്ല. പകരം, പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സർക്കാരിന്റെ വിപുലമായ നിയമനിർമ്മാണ അധികാരം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള എക്സിക്യൂട്ടീവ് മാനദണ്ഡങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, വകുപ്പിന്റെ ഭരണപരമായ അധികാരം , ഭരണപരമായ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയന്ത്രിക്കപ്പെടുന്നത്. കേരള പോലീസ് ആക്ടിൽ സ്ഥലംമാറ്റവുമായി ബന്ധമുള്ള പ്രധാന വകുപ്പുകൾ താഴെ പറയുന്നവയാണ്.

സെക്ഷൻ.89 -(സംസ്ഥാനത്ത് എവിടെയും സേവനം ചെയ്യാനുള്ള ബാധ്യത): ഓരോ പൊലീസ് ഉദ്യോഗസ്ഥനും എപ്പോഴും സംസ്ഥാനത്ത് എവിടെയും സേവനത്തിനായി നിയോഗിക്കപ്പെടാൻ ബാധ്യസ്ഥനാണെന്ന് ഇത് വ്യവസ്ഥ ചെയ്യുന്നു.

സെക്ഷൻ. 97 -(പൊലീസ് ഉദ്യോഗസ്ഥരുടെ കുറഞ്ഞ സേവന കാലാവധി): നിർദ്ദിഷ്ട ഉന്നത തസ്തികകളിൽ (സംസ്ഥാന പോലീസ് മേധാവി, റേഞ്ച് ഐ.ജി.മാർ, ജില്ലാ പൊലീസ് മേധാവികൾ / കമ്മീഷണർമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ) സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് കുറഞ്ഞത് 2 വർഷത്തെ സേവന കാലാവധി നിർബന്ധമാക്കുകയും, പ്രസ്തുത കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് സ്ഥലം മാറ്റുന്നതിനുള്ള കർശനമായ സാഹചര്യങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. പ്രസ്തുത സെക്ഷൻ സി.പി.ഒ, എസ്.സി.പി.ഒ, എ.എസ്.ഐ എന്നീ തസ്തികകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ബാധകമല്ല.

പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം/ മാതൃവകുപ്പിലേക്കുള്ള തിരിച്ചയക്കൽ സംബന്ധിച്ച ഏത് തീരുമാനവും, ആ സമയത്തെ ഓരോ കേഡറിലെയും ഉദ്യോഗസ്ഥരുടെ ലഭ്യത, ക്രമസമാധാനം, സുരക്ഷാ വെല്ലുവിളികൾ തുടങ്ങിയവയെ ആശ്രയിച്ച്, പൊതുതാൽപ്പര്യപ്രകാരം അധികാരപ്പെട്ട അധികാരിയാണ് തീരുമാനിക്കുന്നത്. അത്തരം തീരുമാനങ്ങൾ പൊതുതാൽപ്പര്യവും സംസ്ഥാനത്തിന്റെ സുരക്ഷയും മുൻനിർത്തിയാണ് എടുക്കുന്നത്.

(സി) ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും മാർഗ നിർദ്ദേശങ്ങളും സംബന്ധിച്ച സർക്കാർ/ഡിപ്പാർട്ട്മെന്റ് ഉത്തരവുകൾ, സർക്കുലറുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ആയവയുടെ പകർപ്പ് ലഭ്യമാക്കാമോ;

മറുപടി: കേരള പൊലീസ് ആക്ട്, 2011-ൽ 'പൊതു സ്ഥലംമാറ്റങ്ങൾ' സംബന്ധിച്ച് മാത്രം പ്രതിപാദിക്കുന്ന പ്രത്യേക വകുപ്പുകളോ സ്വതന്ത്രമായ ചട്ടങ്ങളോ അടങ്ങിയിട്ടില്ല. പകരം, പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം സർക്കാരിന്റെ വിപുലമായ നിയമനിർമ്മാണ അധികാരം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള എക്സിക്യൂട്ടീവ് മാനദണ്ഡങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, വകുപ്പിന്റെ ഭരണപരമായ അധികാരം , ഭരണപരമായ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയന്ത്രിക്കപ്പെടുന്നത്. കേരള പോലീസ് ആക്ടിൽ സ്ഥലംമാറ്റവുമായി ബന്ധമുള്ള പ്രധാന വകുപ്പുകൾ താഴെ പറയുന്നവയാണ്.

സെക്ഷൻ.89 -(സംസ്ഥാനത്ത് എവിടെയും സേവനം ചെയ്യാനുള്ള ബാധ്യത): ഓരോ പൊലീസ് ഉദ്യോഗസ്ഥനും എപ്പോഴും സംസ്ഥാനത്ത് എവിടെയും സേവനത്തിനായി നിയോഗിക്കപ്പെടാൻ ബാധ്യസ്ഥനാണെന്ന് ഇത് വ്യവസ്ഥ ചെയ്യുന്നു.

സെക്ഷൻ. 97 -(പൊലീസ് ഉദ്യോഗസ്ഥരുടെ കുറഞ്ഞ സേവന കാലാവധി): നിർദ്ദിഷ്ട ഉന്നത തസ്തികകളിൽ (സംസ്ഥാന പോലീസ് മേധാവി, റേഞ്ച് ഐ.ജി.മാർ, ജില്ലാ പൊലീസ് മേധാവികൾ / കമ്മീഷണർമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ) സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് കുറഞ്ഞത് 2 വർഷത്തെ സേവന കാലാവധി നിർബന്ധമാക്കുകയും, പ്രസ്തുത കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് സ്ഥലം മാറ്റുന്നതിനുള്ള കർശനമായ സാഹചര്യങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. പ്രസ്തുത സെക്ഷൻ സി.പി.ഒ, എസ്.സി.പി.ഒ, എ.എസ്.ഐ എന്നീ തസ്തികകളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ബാധകമല്ല.

പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം/ മാതൃവകുപ്പിലേക്കുള്ള തിരിച്ചയക്കൽ സംബന്ധിച്ച ഏത് തീരുമാനവും, ആ സമയത്തെ ഓരോ കേഡറിലെയും ഉദ്യോഗസ്ഥരുടെ ലഭ്യത, ക്രമസമാധാനം, സുരക്ഷാ വെല്ലുവിളികൾ തുടങ്ങിയവയെ ആശ്രയിച്ച്, പൊതുതാൽപ്പര്യപ്രകാരം അധികാരപ്പെട്ട അധികാരിയാണ് തീരുമാനിക്കുന്നത്. അത്തരം തീരുമാനങ്ങൾ പൊതുതാൽപ്പര്യവും സംസ്ഥാനത്തിന്റെ സുരക്ഷയും മുൻനിർത്തിയാണ് എടുക്കുന്നത്.

(ഡി) മേൽ സർക്കുലർ/ഉത്തരവുകൾ മേൽപ്പറഞ്ഞ ട്രാൻസ്ഫറുകളിൽ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ടോ; ഉത്തരവുകളിലെ ഏതെങ്കിലും നിർദ്ദേശം പാലിച്ചിട്ടില്ല എങ്കിൽ ഏതൊക്കെ ഉത്തരവിലെ ഏതൊക്കെ നിർദ്ദേശങ്ങൾ പാലിച്ചില്ല എന്നും ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

മറുപടി: നിലവിലുള്ള ചട്ടങ്ങൾ പാലിച്ചാണ് സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിപ്പിക്കുന്നത്

സെക്ഷൻ ഓഫീസർ